**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5213** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസരംഗത്ത് സൗകര്യങ്ങൾ ഉറപ്പ് വരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇതര സംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിച്ച് വരുന്നു എന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നോർക്ക റൂട്ട്സിന്റെ സ്റ്റുഡന്റ്സ് ഐഡി കാർഡ് പദ്ധതി പ്രകാരം 51 വിദേശരാജ്യങ്ങളിൽ നിന്നായി വിദേശത്ത് പഠനത്തിനായി പോയിട്ടുള്ള 1946 വിദ്യാർത്ഥികൾ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെ നിയന്ത്രിച്ചും സർക്കാർ/എയ്ഡഡ് മേഖലയിൽ കൂടുതൽ അവസരങ്ങളുണ്ടാക്കിയും വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്ത് തന്നെ ഉറപ്പ വരുത്തേണ്ട ആവശ്യകത പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യമേഖലയെ നിയന്ത്രിച്ചും സർക്കാർ മേഖലയിൽ കൂടുതൽ അവസരങ്ങളുണ്ടാക്കിയും വിദ്യാർഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്ത് തന്നെ ഉറപ്പുവരുത്തുന്നതിനുമായി കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും, കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുന്നതിനുമായി ശാസ്ത്രമേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിനായി സർക്കാർ മേഖലയിൽ 75 കോളേജുകളും എയ്ഡഡ് മേഖലയിൽ 191 കോളേജുകളും ഉണ്ട്. സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങൾക്കായി 19,968 വിദ്യാർത്ഥികൾക്കും, എയ്ഡഡ് കോളേജുകളിൽ 84,951 വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നിലവിലുണ്ട്.<br><br>21.09.2021 - ലെ ജി.ഒ.(എം.എസ്)നം. 390/2021/H.Edn. പ്രകാരം സംസ്ഥാനത്തെ ജ്ഞാനസമൂഹമാക്കി മാറ്റുന്നതിനും തദ്ദേശീയ |

| | | | |
|---|---|---|---|
| | | | സാമൂഹ്യ സാമ്പത്തിക ഘടനയുടെ വികസനത്തിനു യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്കാരകമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ